# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2023 | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## വിവിധ മേഖലകളിൽ ജി.എസ്.ടി. ഏർപ്പെടുത്തിയതിന്റെ പരിണിതഫലം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. രാജ്യത്തെ ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിച്ച് ജനജീവിതം ദുരിതപൂർണ്ണമാക്കി മാറ്റിയതായ ആക്ഷേപം പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ജി.എസ്.ടി നടപ്പിലാക്കുക വഴി പൊതുവേ എല്ലാ മേഖലകളിലും ആ മേഖലയുമായി ബന്ധപ്പെട്ട സാധനങ്ങളുടെ മൊത്തത്തിലുള്ള നികുതി കുറഞ്ഞിട്ടുണ്ട്. ജി.എസ്.ടി നടപ്പിലാക്കുമ്പോൾ മിക്കവാറും അവശ്യ ഉൽപന്നങ്ങളുടെ നികുതി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ നിലവിലുണ്ടായിരുന്ന സ്റ്റോക്ക് വിറ്റഴിക്കുന്നതിലുണ്ടായ ആശയക്കുഴപ്പം പല സാധനങ്ങളുടെയും വില കുറയാതിരിക്കുന്നതിന് കാരണമായി. ജി.എസ്.ടി യിൽ നികുതി ഒഴിവാക്കപ്പെട്ട സാധനങ്ങൾക്കു പോലും കൃത്രിമമായി വിലവർദ്ധനവ് ഉണ്ടാക്കാനുള്ള ശ്രമങ്ങളും ഉണ്ടായി. ആയതിനെ തടയുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | സാധാരണ ജനങ്ങൾ, ചെറുകിട സംരംഭങ്ങൾ, വ്യാപാരികൾ, അസംഘടിത മേഖല, കരകൗശല മേഖല ഉൾപ്പെട്ട ആർട്ടിസാൻസ് മേഖല തുടങ്ങി സകല വിഭാഗം ജനങ്ങൾക്കും ജി.എസ്.ടി. നടപ്പാക്കുക വഴിയുണ്ടായ ദോഷഫലങ്ങളും ഗുണഫലങ്ങളും എന്തെല്ലാമാണെന്ന് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) യും (സി) യും | ജി.എസ്.ടിയിൽ 20 ലക്ഷം രൂപയ്ക്ക് താഴെ വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാർ രജിസ്ട്രേഷന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. കൂടാതെ 75 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വ്യാപാരികൾക്ക് കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കുന്നതിനുള്ള അവസരമുണ്ട്. ജൂൺ 30 വരെയുള്ള ക്ലോസിംഗ് സ്റ്റോക്കിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നതാണ്. ഇതു സംബന്ധിച്ച് |

| | | | |
|---|---|---|---|
| (സി) | ടെക്സ്റ്റൽ, ബീഡി, ഔഷധം, തുന്നൽ, തീപ്പെട്ടി, പടക്കം, ചെറുകിട വ്യവസായം, കാർഷികം, കാർഷിക അനുബന്ധ മേഖല, ചെറുകിട നിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണമേഖല തുടങ്ങിയ മേഖലകൾക്ക് ജി.എസ്.ടി. നടപ്പാക്കുക വഴിയുണ്ടായ കോട്ടങ്ങളും നേട്ടങ്ങളും വിലയിരുത്തിയോ; വിശദാംശം ലഭ്യമാക്കുമോ; | | വ്യാപാരികൾക്ക് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായപ്പോൾ നികുതിക്കുമേൽ നികുതി എന്ന സ്ഥിതി ഒഴിവാക്കുകയും എല്ലാം ഒറ്റ നികുതി നിരക്കായി പരിമിതപ്പെടുത്തുകയും ചെയ്തു. ഉൽപന്നത്തിനുമേൽ ഈടാക്കുന്ന നികുതി എത്രയെന്ന് കൃത്യമായും സുതാര്യമായും മനസ്സിലാക്കാവുന്നതാണ്. വാറ്റ് നിരക്കുമായി മാത്രം താരതമ്യം ചെയ്യുമ്പോഴാണ് ഉയർന്ന നികുതി നിരക്ക് എന്ന തോന്നൽ ഉണ്ടാവുന്നത്. എന്നാൽ വാറ്റിൽ ഒരു ഉല്പന്നത്തിന്റെ വിവിധ ഘട്ടങ്ങളിലുണ്ടായിരുന്ന നികുതി മൊത്തമായി പരിഗണിക്കുമ്പോൾ ഇപ്പോഴുള്ള ജി.എസ്.ടി. നിരക്ക് കുറവാണ്. ആയതിനാൽ തുടക്കത്തിലെ അവ്യക്തതകൾ മാറുമ്പോൾ വിലകുറയാനാണ് സാദ്ധ്യത. |
| (ഡി) | ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം ജനങ്ങൾക്ക് നാളിതുവരെ ലഭിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും ദോഷഫലങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (ഡി) | ജി.എസ്.ടി നടപ്പിലാക്കിയതിനെ തുടർന്ന് നികുതി ഭാരത്തിലുണ്ടായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ കുറേയിനം സാധനങ്ങളുടെ വില കുറയ്ക്കുന്നതിന് ചില നിർമ്മാണ കമ്പനികളും വ്യാപാര ഹൗസുകളും തയ്യാറായിട്ടുണ്ട്. അതോടൊപ്പം തന്നെ ഏതാനും ചില സേവനങ്ങളുടെയും സാധനങ്ങളുടെയും നികുതി നിരക്കിൽ ഉണ്ടായ അന്തരത്തിന്റെ അടിസ്ഥാനത്തിൽ വില വർദ്ധനയും ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയിട്ട് കഷ്ടിച്ച് ഒന്നര മാസമേ ആയിട്ടുള്ളൂ. ഗുണദോഷഫലങ്ങൾ കൃത്യമായി വിലയിരുത്താൻ ഇനിയും സമയം ആവശ്യമാണ്. |

**സെക്ഷൻ ഓഫീസർ**